# വിവർത്തനം

ഒരു ഭാഷയിൽ നിന്ന് മറ്റൊരുഭാഷയിലേക്കുള്ള ആശയകൈമാറ്റത്തെയാണ് പൊതുവെ വിവർത്തനം എന്ന് പറയാറുള്ളത്. അർത്ഥം മുൻ നിർത്തിക്കൊണ്ട് മറ്റൊരു ഭാഷയിലേക്ക് മാറ്റുന്നതാണ് വിവർത്തനം എന്നാണ് സമുവൽ ജോൺസിന്റെ നിർ വ്വചനം. ഏത് ഭാഷയിൽ നിന്നാണോ ആശയം വിവർത്തനം ചെയ്യുന്നത് ആഭാഷയെ സ്രോതഭാഷ( Source Language) അല്ലെങ്കിൽ മൂലഭാഷ എന്നും ഏത് ഭാഷയിലേക്കാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയെ ലക്ഷ്യഭാഷ (target Language) എന്നും വിളിക്കും. പരിപൂർണ്ണമായ ആശയകൈമാറ്റം എന്നത് അസാധ്യമായതിനാൽ മൂലഭാഷയിൽ ആവിഷ്കരിച്ച ആശയങ്ങളെ കഴിയുന്നത്ര ഏറ്റക്കുറച്ചിൽ കൂടാതെ ലക്ഷ്യഭാഷയിൽ ആവിഷ്കരികാനുള്ള ഉദ്യമം എന്നതാണ് ഇന്ന് സ്വീകാര്യമായ വിവർത്തന സങ്കല്പം. ശ്രീ എൻ. വി. കൃഷ്ണവാരിയർ വിവർത്തനം എന്ന കൃതിയുടെ ആമുഖത്തിൽ ഈ ആശയമുൾക്കൊണ്ട് വിവർത്തനത്തെ ഇങ്ങനെ നിർ വചിക്കുന്നു. സ്രോതഭാഷയിൽ ആവിഷ്കരിക്കപ്പെട്ട ആശയങ്ങളെ കഴിയുന്നത്ര ഏറ്റക്കുറച്ചിൽ കൂടാതെയും ലക്ഷ്യഭാഷയുടെ ആവിഷ്കരണരീതിക്ക് ഇണങ്ങുന്ന രീതിയിലും ലക്ഷ്യ്ഭാഷയിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രയത്നമാണ് വിവർത്തനം. ഈ പ്രയത്നത്തിൽ ആവിഷ്കരിക്കപ്പെടുന്ന അർത്ഥത്തിനെന്നപോലെ ആവിഷ്കരിക്കുന്നഭാഷകളുടെ ശൈലികൾക്കും കഴിയുന്നത്ര സമാനതയുണ്ടാകുന്നത് ആശാസ്യമാണ് വിവർത്തനം തർജ്ജമ, ഭാഷാനുവാദം, മൊഴിമാറ്റം ഭാഷാന്തരീകരണം, ഭാഷാന്തരണം എന്ന് പലപേരുകളിൽ translation എന്ന പദം മലയാളത്തിൽ ഉപയോഗിച്ചു വരുന്നുണ്ട്. സംസ്കൃതത്തിൽ നിന്ന് വിവർത്തനം ചെയ്യുന്ന കൃതികളെ ആദ്യകാലത്ത് ഭാഷ എന്ന് വിളിച്ചിരുന്നു.

ഭാഷാശാസ്ത്ര സങ്കല്പപ്രകാരം വിവർത്തനം എന്ന് പറയുന്നത് മൂലഭാഷയിൽ സങ്കേതനം ചെയ്ത ആശയങ്ങളെ (മൂലഭാഷാപാഠം എന്ന് വിളിക്കാം) വിസങ്കേതനം ചെയ്ത് ലക്ഷ്യ്ഭാഷയിലേക്ക് സങ്കേതനം ചെയ്യുന്ന (ലക്ഷ്യഭാഷാപാഠം) പ്രക്രിയയാണ്. ലക്ഷ്യപാഠോദ്ഗ്രഥനം ആണ് അതിന്റെ ലക്ഷ്യം. ആകാവുന്നത്ര സമമൂല്യത സാധ്യമാക്കുക എന്നതിലാണ് ശ്രദ്ധ.

സ്രോതപാഠം ലക്ഷ്യപാഠം എന്നിവയുടെ സമ്പൂർണ്ണത ഈ ആദേശത്തിൽ സാധ്യമല്ലാ്തതിനാൽ മൂലപാഠാംശം ലക്ഷ്യപാഠാംശം എന്നേ പറയാറുള്ളൂ.

ഇക്കാര്യത്തിൽ ശാസ്ത്ര സാങ്കേതികകൃതികളുടെ വിവർത്തനവും സാഹിത്യവിവർത്തനങ്ങളും നേരിടുന്ന പ്രശ്നങ്ങളും വിവർത്തനത്തിന്റെ സ്വഭാവവും വ്യത്യസ്തമാണ്.

വിവർത്തനവുമായി ബന്ധപ്പെട്ട് പൊതുവേ മൂന്ന് സാർ വലൗകിക തത്വങ്ങൾ പറഞ്ഞു വരാറുണ്ട്. വിവർത്തനം മൂലകൃതിയിലെ ആശയങ്ങളുടെ സമ്പൂർണ്ണമായ പുനർ ലേഖനം നിർ വഹിച്ചിരിക്കണം. വിവർത്തനത്തിന്റെ ശൈലിയുംരീതിയും മൂലകൃതിയുടേതിന്

തുല്യമായിരിക്കണം. മൂലരചനയുടെ സ്വച്ഛന്ദത പൂർണ്ണമായും വിവർത്തനത്തിന് കൈവരുകയും വേണം എന്നിവയാണവ. എന്നാൽ പിൽക്കാലത്ത് മൂലകൃതിയെ കേന്ദ്രീകരിച്ച ഇത്തരം തത്വങ്ങൾക്ക് ഇളക്ക്കം തട്ടിയിട്ടുണ്ട്. ഭാഷാശാസ്ത്രപഠനമേഖല വിവർത്തനത്തെ സ്വാധീനിച്ച് തുടങ്ങിയ ശേഷം പാഠകേന്ദ്രിതമായ സമീപനങ്ങൾ ആണ് ഉണ്ടായത്. പുതിയ പോസ്റ്റ് കൊളോണിയൽ പഠനപദ്ധതികളുടെ കാലത്താകട്ടെ സംസ്കാരപഠനത്തിന്റെ ഭാഗമായാണ് വിവർത്തനപഠനങ്ങളെ പരിഗണിക്കാറ്. അതനുസരിച്ച് സാധർമ്മ്യത്തേക്കാൾ വ്യത്യസ്തതയിൽ ഊന്നൽ ലഭിക്കുകയും ചെയ്തു. നരഭോജന സിദ്ധാന്തം, അരയാൽ വൃക്ഷ സിദ്ധാന്തം അവതാരസങ്കല്പം തുടങ്ങിയ പോസ്റ്റ് കൊളോണിയൽ വിവർത്തന സിദ്ധാന്തങ്ങൾ വിവർത്തനത്തെ ലക്ഷ്യ്ഭാഷയിൽ ഊന്നിയ ലക്ഷ്യഭാഷക്ക് വേണ്ടി വിവർത്തകൻ നടത്തുന്ന ഒരു സ്വച്ഛന്ദ പ്രവർത്തനമായി കാണുന്നു. ഭാരതീയ വ്യാഖ്യാന സങ്കല്പത്തിനനുഗുണമാണത്. പഴയ വിവർത്തന സങ്കല്പപ്രകാരം എഴുത്തച്ഛൻ നല്ല കവിയും മോശം വിവർത്തകനുമാണ്. കാരണം മൂലകൃതിയിൽ ഒന്നും വിട്ടുപോകാനോ അതിനെ അതിശയിക്കാനോ വിവർത്തകന് സ്വാതന്ത്ര്യമില്ലല്ലോ. എഴുത്തുകാരന്റേതല്ലാത്ത വിവർത്തകന്റേതായ ഒരു നിഴലും വിവർത്തിത കൃതിയിൽ ഉന്റായിരിക്കരുതെന്നാണ് പഴയ പ്രമാണം വിവർത്തകൻ എപ്പോഴും അദൃശ്യനായിരിക്കും. എന്നാൾ മൂലകൃതിയെ ഒരു നിമിത്തമാക്കി വിവർത്തകൻ ഒരു സ്വതന്ത്രരചയിതാവിനെ പോലെ ലക്ഷ്യഭാഷയിൽ നടത്തുന്ന സ്വതന്ത്ര പരിശ്രമമാണ് പുതിയ സങ്കല്പ പ്രകാരം വിവർത്തനം അപ്പോൾ അത് ട്രാൻസ് ലേഷൻ എന്നതിനേക്കാൾ ട്രാൻസ് ക്രിയേഷൻ (സർഗാത്മക പുനസൃഷ്ടി) ആകുന്നു.

ഒരു കൃതി ലക്ഷ്യഭാഷയിൽ നിന്ന് തിരിച്ച് മൂലഭാഷയിലേക്ക് തന്നെ വിവർത്തനം ചെയ്യുകയാണെങ്കിൽ (പശ്ചാത് വിവർത്തനം (Back Translation)എന്നിതിനെ പറയും) അത് ആദ്യ പഠം തന്നെ ജനിപ്പിക്കുകയാണെങ്കിൽ ആ വിവർത്തനം ശ്രേഷ്ഠമാണ് എന്നായിരുന്നു ആദ്യകാല സങ്കൽപം. മൂലകൃതിയോട് കാണിക്കേണ്ട വിശ്വസ്തതയെ (Fidelity) കുറിച്ചായിരുന്നു ആദ്യകാല വിവർത്തന വിചിന്തകന്മാർ ഊന്നി പറഞ്ഞത്. എന്നാൽ അത് വിവർത്തനത്തിന്റെ സൗന്ദര്യം ചോർത്തിക്കളയുമെന്ന ഭയവും അവർക്കുണ്ടായിരുന്നു. വിശ്വസ്തതയും സൗന്ദര്യവും ഒരുമിച്ച് സംഭവിക്കയില്ലെന്ന പഴമൊഴി അവർ ഓർമ്മിപ്പിക്കുന്നു. എല്ലാ കൃതികളും ഒരു കൃതിയിലെ തന്നെ എല്ലാ ഘടകങ്ങളും വിവർത്തനക്ഷമമല്ല . വിവർത്തന സാധ്യതയില്ലാത്ത രചനകളുമുണ്ട്. വിവർത്തന ക്ഷമത (Translatability) ഒരു കൃതിക്ക് അകത്ത് അന്തർനിഹിതമായ ഒരു ഗുണമാണ്. സവിശേഷമായ ശൈലികൾ, സംസ്കാരത്തനിമകൾ, സവിശേഷസംകാരയുക്തികൾക്ക് അകത്ത് മാത്രം പ്രവർത്തിക്കുന്ന ഘടകങ്ങൾ എന്നിവ വിവർത്തനാതീതമാണ്. ഉമ്മാച്ചുവിലെ

വെള്ളരിക്കാപൂവലേ എന്ന വിളി തൊട്ട് എം ടി കഥകളിൽ പ്രത്യക്ഷപ്പെടുന്ന മുറപ്പെണ്ണ് എന്ന സാമൂഹ്യബന്ധമോ വി കെ എൻ കൃതികളുടെ സവിശേഷ ഭാഷാരീതി വരെ ഉദാഹരിക്കാം. കവിത എന്ന സാഹിത്യരൂപം തന്നെ വിവർത്തനാതീതമാണെന്ന വാദവും പ്രബലമായിരുന്നു. വിവർത്തനത്തിൽ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത എന്ന നിർ വ്വചനം വരെ ഉണ്ടായി. സാമുവൽ ജോൺസണും ഷെല്ലിയുമൊക്കെ ഈ അഭിപ്രായം പിന്തുടരുന്നവരാണ്. എന്നാൽ ഇത്തരം പ്രതിബന്ധങ്ങളെ മുഴുവൻ മറികടന്ന് വിവർത്തനം വിവിധ് ഭാഷകൾക്കും സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കുമിടയിൽ വിശ്വസ്തവും കാര്യക്ഷമവുമായ ഒരു പാലം പൊലെ നൂറ്റാണ്ടുകളായി പ്രവർത്തിച്ചു വരുന്നു.

ആശയോത്ഭവം, ആശയരൂപീകരണം, മാധ്യമത്തിന്റെ തിരഞ്ഞെടുപ്പ്, മാധ്യമത്തിന്റെ സങ്കേതത്തിലേക്ക് തന്റെ ആശയത്തെ പകർത്തൽ, സം പ്രേഷണം (ഇത്രയും സമ്പ്രേഷകനിൽ സംഭവിക്കുന്നവ) മാധ്യമത്തിലൂടെയുള്ള സങ്കേതനം ചെയ്യപ്പെട്ട ആശയങ്ങളുടെ സഞ്ചാരം (മാധ്യമ പ്രക്രിയ) സ്വീകരണം, വിസങ്കേതനം ചെയ്യൽ, ആശയ ഗ്രഹണം, പ്രതികരണം(സ്വീകർത്താവിൽ നടക്കുന്നത്) എന്നിവയാണ് ഭാഷയടക്കമുള്ള ഏത് ആശയവിനിമയമാതൃകകളിലേയും ആശയവിനിമയപ്രക്രിയയിലെ ഘട്ടങ്ങൾ. സ്വീകർത്താവിന്റെ ഭാഗത്ത് വിവർത്തകൻ കടന്ന് വരികയും പ്രതികരണം മറ്റൊരു മാധ്യമത്തിലേക്ക് ആക്കുകയും ചെയ്യും വിവർത്തനത്തിൽ എന്ന് മാത്രം. മാധ്യമം എന്നത് കൊണ്ട് രണ്ട് വ്യ്ത്യസ്ത മാധ്യമങ്ങൾ എന്നേ അർത്ഥമാക്കുന്നുള്ളൂ. രണ്ട് ഭാഷകൾ എന്ന അർത്ഥമില്ല. റോമൻ യാക്കോബ്സൺ വിവർത്തനത്തെ ഭാഷാഭ്യന്തരം ഭാഷാന്തരം, ചിഹ്നാന്തരം എന്ന് തരം തിരിച്ചത് ഈ കാഴ്ച്ചപ്പാടിൽ നിന്നാണ്. ഒരു കവിതക്ക് ഗദ്യത്തിൽ പരാവർത്തനം എഴുതുന്നത് ഭാഷക്കകത്ത് തന്നെ നടക്കുന്ന വിവർത്തനം ആണ്. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് ആശയാദാനം ചെയ്യുന്നതാണ് ഭാഷാന്തര വിവർത്തനം. ഒരു സവിശേഷ ചിഹ്ന വ്യവസ്ഥയിൽ നിന്ന് മറ്റൊന്നിലേക്ക് രൂപം മാറ്റുന്നതാണ് ചിഹ്നാന്തരം. ഒരു കഥ തിരക്കഥയാകുമ്പോൾ ശാകുന്തളം ആട്ടക്കഥയാകുമ്പോൾ ഒക്കെ സം ഭവിക്കുന്നത് ഇതാണ്.

**വിവർത്തനം വർഗീകരണം**

വിവർത്തനത്തെ പല തരത്തിൽ വർഗ്ഗീകരിക്കാറുണ്ട്. മൂന്ന് തരം വിവർത്തന രീതികളെ കുറിച്ച് ജോൺ ഡ്രൈഡൻ പതിനേഴാം നൂറ്റാണ്ടിൽ തന്നെ പറഞ്ഞിട്ടുണ്ട്. പദപരം (metaphrase), പരാവർത്തനം (paraphrase), ,അനുകരണം (imitation) എന്നിവയാണവ. സൂക്ഷം സ്വതന്ത്രം, തത്വാനുരൂപം എന്ന് കേസരി ബാലകൃഷ്ണപിള്ളയും അനുഗത തർജ്ജമ ഏകദേശതർജ്ജമ

പുനസൃഷ്ടി എന്ന് എസ്. ഗുപ്തൻ നായരും മലയാളത്തിൽ വിവർത്തനത്തെ വർഗീകരിച്ചിട്ടുണ്ട്. പദാനുപദം ആശയാനുവാദം സ്വതന്ത്രം എന്ന വിഭജനമാണ് പൊതുവേ സ്വീകരിച്ച വരുന്നത്. യാക്കോബ്സൺ വിവർത്തനത്തെ വർഗീകരിച്ചതെങ്ങനെ എന്ന് മുൻപ് വിശദീകരിച്ചുവല്ലോ. പ്രതീകവ്യവസ്ഥയെ ആധാരമാക്കിയ വിഭജനം ആണത്. ഭാഷയടക്കമുള്ള എല്ലാ ചിഹ്ന വ്യവസ്ഥകളെയും ഉൾക്കൊണ്ട ഒരു വിഭജനം. ഭാഷാകേന്ദ്രിതമായി വിവർത്തനങ്ങളെ വർഗീകരിക്കുകയാണെങ്കിൽ ഭാഷയുടെ രണ്ട് പ്രത്യക്ഷങ്ങളായ വാമൊഴിയേയും ലേഖനത്തേയും ആധാരമാക്കി വിവർത്തനത്തെ വർഗീകരിക്കേണ്ടി വരും. വാചിക വിവർത്തനം എന്നും ലിഖിത വിവർത്തനം എന്നും വർഗീകരിക്കാം. ലിഖിത വിവർത്തനത്തിൽ ഭാഷ ശബ്ദാർത്ഥനിർമ്മിതമാണെന്നിരിക്കെ ശബ്ദത്തിനും അർത്ഥത്തിനും നൽകുന്ന മുൻ തൂക്കം നോക്കി ശബ്ദാർത്ഥ വിവർത്തനം (Literal translation), പദാനുപദ വിവർത്തനം,(Word for word translation) ആശയവിവർത്തനം,(Idea translation. Faithful translation) സ്വതന്ത്ര വിവർത്തനം(Free Translation) ആശയരൂപാന്തരണം (Adaptation) എന്ന് ഇതേ വിഭജനത്തെ തന്നെ വിപുലീകരിക്കാം. വാചാവിവർത്തനം നടക്കുന്ന മണ്ഡലങ്ങൾ വ്യത്യസ്തമാണ് . സിനിമ, ടെലിവിഷൻ തുടങ്ങിയ മാധ്യമ മണ്ഡലങ്ങളിൽ നടക്കുന്ന വിവർത്തനം വ്യത്യസ്തമാണ് സമ്പൂർണ്ണ മൊഴിമാറ്റം, സബ് ടൈറ്റിൽ ചേർക്കൽ തുടങ്ങിയ രീതികൾ അവിടെ അവലംബികാറുണ്ട്. പ്രസംഗം പോലുള്ള മേഖലകളിൽ ആകട്ടെ സവിരാമം (Interrupted) , അവിരാമം (Uninterrupted) എന്നീ വിഭജനങ്ങൾ ആണ് പ്രസക്തം. വിവർത്തകനെ ദ്വിഭാഷി ആയാണ് ഇവിടെ പരിഗണിക്കുന്നത്. തൽക്ഷണ തർജ്ജമ അഥവ ആശുവിവർത്തനം (spot translation) എന്ന മേഖലയിലും ഇവയെ ഉൾപ്പെടുത്താം. വിവർത്തകന് സംസാരിക്കാനായി ഭാഷകൻ ഇടക്ക് നിർത്തി അങ്ങനെ ചെറു പ്രകരണങ്ങളായോ വാക്യങ്ങളായോ അപ്പോൾ തന്നെ വിവർത്തനം ചെയ്യുന്ന പ്രക്രിയയാണ് സവിരാമ തർജ്ജമ. ഭാഷകൻ പൂർണ്ണമായും പറഞ്ഞ് കഴിഞ്ഞ് വിവർത്തകൻ പ്രസംഗത്തിന്റെ ലക്ഷ്യപാഠം അപ്പോൾ തന്നെ അവതരിപ്പിക്കുന്ന രീതിയാണ് അവിരാമ തർജ്ജമയുടേത്.

സ്രോത പാഠം പൂർണ്ണ മായും തർജ്ജമക്ക് വിധേയമാക്കുന്ന രീതിക്ക് സമഗ്ര തർജ്ജമ എന്നും ചില സ്രോതപാഠാംശങ്ങൾ അവിവർത്തിതം എന്ന മട്ടിൽ വിട്ട് കളഞ്ഞ് വിവർത്തനം ചെയ്യുന്നതിനെ ഭാഗിക വിവർത്തനം എന്നും പറയും. കൂടുതൽ സൂക്ഷ്മമാണ് പൂർണ്ണം, പരിമിതം എന്ന വിഭജനം സ്രോതപാഠാംശങ്ങൾ സ്വനിമ വ്യവസ്ഥയടക്കം ആദേശം ചെയ്യുന്ന രീതിയാണ് പൂർണ്ണ വിവർത്തനം . ഏതെങ്കിലും അംശങ്ങളിൽ ഈ പൂർണ്ണാദേശം ഇല്ലെങ്കിൽ അത് പരിമിതമാണ്.

അതനുസരിച്ച് ഏത് ഭാഷാതലമാണ് വിവർത്തകൻ വിവർത്തന വിധേയമാക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ സ്വനപരം (Phonetical), ലിപിപരം (graphological), വ്യാകരണ പരം grammatical), കോശീയം (lexical) എന്ന് പരിമിത വിവർത്തനത്തെ വീണ്ടും തരം തിരിക്കാം. പ്രതീകവ്യവസ്ഥയേയും ഭാഷയേയും അടിസ്ഥാനമാക്കിയല്ലാതെ ലേഖന സ്വഭാവത്തെ ആധാരമാക്കിയും വിവർത്തനങ്ങളെ തരം തിരിക്കാറുണ്ട്. ലിപ്യങ്കനം എന്നും ലിപ്യന്തരണം എന്നുമാണ് ആ തരം തിരിവുകൾ office ആപ്പീസ് ആകുന്നതും college കാളേജ് ആകുന്നതും ഉദാഹരണം ശ്രോതാവിന്റെ ഭാഷാവബോധമനുസരിച്ച് കേള്‌വിയിൽ ഒരു പദം അയാൾ എങ്ങനെ സ്വീകരിക്കുന്നു അതിനനുസരിച്ച് ലക്ഷ്യ ഭാഷയിൽ അതിന്റെ സമ്പ്രദായത്തിൽ എഴുതിക്കാണിക്കുന്നതാണ് ലിപ്യങ്കനം. സ്രോതഭാഷാ പദങ്ങളേ അവയോട് നീതിപുലർത്തി ലക്ഷ്യ ഭാഷയിലോ അന്താരാഷ്ട്രസ്വനപ്പട്ടിക ഉപയോഗിച്ചോ എഴുതുന്നതാണ് ലിപ്യന്തരണം. യഥാർത്ഥ ഉച്ചാരണ രീതി ഇതനുസരിച്ച് സംരക്ഷിക്കാനാവും. എന്നാൽ വായനയിലെ സ്വാഭാവികതക്കും ഒഴുക്കിനും തടസ്സമുണ്ടാകും.

## അല്പം ചരിത്രം

വിവർത്തനത്തിന്റെ ചരിത്രം തുടങ്ങുന്നത് റൊസറ്റോ ശിലാലേഖനത്തിലാണെന്നാണ് (ബി. സി രണ്ട്) പൊതുവേ പറയപ്പെടുന്നത്. ഹീറൊഗ്ലിഫിക്ലിപില്യിൽ എഴുതിയ സന്ദേശങ്ങൾക്ക് ഗ്രീക്ക വിവർത്തനം കൂടി ഈ രേഖയിൽ കാണാം. ബാബിലോണിയിലെ വിവർത്തക സമൂഹത്തിന്റെ പരിശ്രമങ്ങളാണ് പിന്നീട് പരാമർശിക്കാവുന്നത്. ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്ക്, ഏറ്റവും കൂടുതൽ തവണ വിവർത്തനം ചെയ്യപ്പെട്ട കൃതി ബൈബിളാണ് വിവർത്തനത്തിന്റെ ചരിത്രം ബൈബിൾ വിവർത്തനത്തിന്റെ ചരിത്രമാണെന്നു പറയാവും വിധം ബൈബിൾ വിവർത്തനത്തിന്റേയും വിവർത്തന സിദ്ധാന്തങ്ങളുടെയും ചരിത്രത്തെ സ്വാധീനിച്ചിട്ടുണ്ട്.
ബി സി മൂന്നൂറുകളിൽ തന്നെ യഹൂദസമൂഹം ഹീബ്രുവിൽ നിന്ന് വിവർത്തനം ചെയ്യാൻ ശ്രമിച്ചിരുന്നു.ഗ്രീക്ക് ഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്യപ്പെടുന്നത് എ ഡി രണ്ടാം നൂറ്റാണ്ടിലാണ്. ക്രിസ്തുമതത്തിന്റെ പ്രചാരണത്തോടൊപ്പം ബൈബിൽ വിവർത്തനത്തിന്റെ തോതും പിന്നീട് വർദ്ധിച്ചു. പരാമർശിക്കേണ്ട പേര് സെന്റ് ജെറോമിന്റേതാണ് (എ ഡി നാല്) ഗ്രീക്കിൽ നിന്ന് ലാറ്റിനീലേക്ക് അദ്ദേഹം നടത്തിയ ബൈബിൾ വിവർത്തനത്തിന്റെ സ്വഭാവം പിൽക്കാല വിവർത്തനങ്ങളെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.ഇതേ സമയം ഹോമറുടേതടക്കമുള്ള ഗ്രീക്ക് ക്ലാസ്സിക്കൽ കൃതികൾ ലാറ്റിനടക്കമുള്ള വിവിധഭാഷകളിലേക്ക് തർജ്ജമ ചെയ്യുന്നുണ്ടായിരുന്നു. ഇൻഡ്യയിലെ പഞ്ചതന്ത്രമടക്കമുള്ള സാഹിത്യ സമ്പത്ത് ആദ്യം അറബിയിലേക്കും പിന്നീട്

അറബിയിൽ നിന്ന് മറ്റ് ഭാഷകളിലേക്കും തർജ്ജമ ചെയ്യപ്പെട്ടു. യൂറോപ്പിൽ ഉണ്ടായ നവോത്ഥാനമാണ് വിവർത്തനശ്രമങ്ങളെ ത്വരിതപ്പെടുത്തിയത്. വൈക്ലിഫ് ബൈബിൾ (1382) ആണ് ഇംഗ്ലീഷ് വിവർത്തനത്തിലെ നാഴികക്കല്ല് . ചോസ്സറാണ് അക്കാലത്തെ മറ്റൊരു പ്രമുഖ വിവർത്തകൻ . ഗുട്ടൻ ബർഗ് ബൈബിൾ (1455), കിങ് ജെയിംസ്സ് ബൈബിൾ (1611) മാർട്ടിൻ ലൂഥറിന്റെ ബൈബിളിന്റെ ജർമ്മൻ വിവർത്തനം (1534) എന്നിവയാണ് ബൈബിൾ വിവർത്തനത്തിന്റെ നാഴികക്കല്ലുകൾ. ബുദ്ധമതത്തിന്റെ പ്രചാരണവും ബ്രാഹ്മണിക്ക് സംസ്കാരത്തിന്റെ ആധിപത്യവുമാണ് ഇൻഡ്യയിലെ വിവർത്തനങ്ങൾക്ക് വഴിവെച്ചത്. പ്രാദേശിക ഭാഷകളുടെ വികാസം നടന്നത് സംസ്കൃതകൃതികളുടെ വിവർത്തനത്തിലൂടെയായിരുന്നു. മലയാള ഭാഷയിലെ ആദ്യ പദ്യകൃതിയായ രമചരിതവും ആദ്യകാല ഗദ്യമാതൃകയായ ഭാഷാകൗടലീയവും വിവർത്തനങ്ങളാണ്.

വിവർത്തന വിചാരങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് ഗ്രീക്കിൽ നിന്നാണ് സിസറോയും ഹോരസ്സുമാണ് (B.C ഒന്ന്)ആദ്യകാല വിവർത്തന സൈദ്ധാന്തികർ എന്ന് പറയാം. പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഏതീൻ ദോലെ (1509-46) ആണ് ആദ്യകാല വിവർത്തന സൈദ്ധാന്തികരിൽ പ്രമുഖൻ. അബ്രഹാം കൗലെ (1618-67), ജോൺ ഡ്രൈഡൻ (1631-1700), അലക്സാണ്ടർ പോപ്പ് (1688-1744)ഉടങ്ങിയവർ പതിനാറാം നൂറ്റാണ്ടിൽ രംഗപ്രവേശം ചെയ്തതോടെ വിവർത്തന വിചാരങ്ങൾ വ്യവസ്ഥപ്പെട്ടു.